**മലപ്പുറം ജില്ലയിലെ മിച്ചഭൂമി വിതരണത്തിൽ നടന്ന ക്രമക്കേട്**

**17 (3576)** ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ മിച്ചഭൂമി വിതരണത്തിൽ എന്തെങ്കിലും ക്രമക്കേട് നടന്നതായി സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) മലപ്പുറം ജില്ലയിൽ വിവിധ വില്ലേജുകളിൽ നടന്ന മിച്ചഭൂമി വിതരണം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്. തിരൂരങ്ങാടി താലൂക്കിലെ ഒരു കേസിൽ പരാതി ലഭിച്ചതായി കളക്ടർ അറിയിച്ചിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്*.

**വില്ലേജ് ഓഫീസുകളിൽ ടെലഫോൺ സൗകര്യം**

**18 (3577)** ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാധാരണ ജനങ്ങൾ ഏറ്റവുമധികം ബന്ധപ്പെടുന്ന വില്ലേജ് ഓഫീസുകളിൽ ടെലഫോൺ സൗകര്യം നൽകിയിട്ടില്ല എന്ന കാര്യം സർക്കാർ ശ്രദ്ധിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എല്ലാ വില്ലേജ് ഓഫീസുകളിലും ടെലഫോൺ സൗകര്യം ഏർപ്പെടുത്തുന്നതിന് അടിയന്തര നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സാമ്പത്തിക ബുദ്ധിമുട്ടുമൂലം ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**സീതത്തോട് കേന്ദ്രമാക്കി പുതിയ വില്ലേജ് രൂപീകരിക്കാൻ നടപടി**

**19 (3578)** ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി താലൂക്കിലെ ചിറ്റാർ സീതത്തോട് വില്ലേജിന്റെ വിസ്തീർണ്ണം എത്രയാണ് ;

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly